താരക പെണ്ണാളെ
കതിരാടും മിഴിയാളേ
തമ്പുരാനെത്തിടും മുന്നേ
കരിങ്കാറിൻ കോര പറിച്ചാട്ടേ......"

കോട്ടയത്ത് വച്ചു നടന്ന അഞ്ചാമത് TB മീറ്റിൽ മേൽപ്പറഞ്ഞ നാടൻ പാട്ടുമായി വന്നു സദസ്സിനെ കീഴടക്കിയ ഭാവഗായകനാകട്ടെ ഈ ആഴ്ച്ചയിലെ ദളം.

രാജേഷ് രാമചന്ദ്രൻ
ഇന്ത്യൻ ഓവർസീസ് ബാങ്ക്
ആലപ്പുഴ ശാഖ

ചേർത്തല വാരനാട് ഗ്രാമത്തിലെ ഒരു ചെറിയ ബിസിനസുകാരൻ ആയിരുന്ന ശ്രീ രാമചന്ദ്രന്റെയും വീട്ടമ്മയായ രാധയുടെയും ഇളയ മകൻ.

ചേർത്തല നഗരത്തിൽ ആയിരുന്നു സ്കൂൾ വിദ്യാഭ്യാസ കാലഘട്ടം. Govt: VHHS സ്കൂൾ പട്ടണക്കാട് നിന്നും വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ +2 പൂർത്തിയാക്കി, തുടർന്ന് ചേർത്തല എസ് എൻ കോളജിൽ നിന്നും ഓഫീസ് മാനേജ്മെന്റിൽ കൊമേഴ്സ് ബിരുദവും നേടി.

നന്നായി പാടുമായിരുന്ന അച്ഛനും, പ്രോത്സാഹനമായി വല്യച്ഛനും സഹോദരിമാരും... അവർ ആയിരുന്നു രാജേഷിനെ സംഗീത ലോകത്തേക്ക് കൈ പിടിച്ച് നടത്തിയത്. സ്കൂൾ തലം മുതൽ സംഗീത ലോകത്ത് സജീവം ആകാൻ പ്രചോദനവും മാതൃകയും ഗുരുതുല്യരായ അവരുടെ പ്രോത്സാഹനങ്ങളായിരുന്നു.

എട്ടാം ക്ലാസ്സ് മുതൽ സ്കൂളിലെ സജീവഗായകരിൽ ഒരാളായി രാജേഷ്. പ്ലസ് ടൂ പഠന കാലത്ത് പാട്ടിനോടുള്ള കമ്പം ഹിന്ദി പാട്ടുകളിലേക്ക് തിരിയുന്നു. ദൂരദർശനിലെ രംഗോലിയും, ചിത്രഹാറിന്റെയും എഫക്ട് ആണെന്ന് സൗമ്യമായി രാജേഷ് പറയുന്നു. അത് ഒരു ഗായകൻ എന്ന നിലയ്ക്ക് പിന്നീട് ഒരു പാട് ഉപകാരപെട്ടെന്നും.

ഇക്കാലമത്രയും ക്ലാസ് മുറികളും കൊച്ചു കൊച്ചു വേദികളിലും ആയി ഒതുങ്ങിയിരുന്ന രാജേഷിന്റെ സംഗീതം,കോളജിൽ എത്തിയതോടെ മറ്റൊരു തലത്തിലേക്ക് ഉയർത്തപ്പെട്ടു. ആദ്യ വർഷ ബിരുദ പഠന കാലത്ത്, കോളജ് യൂണിയൻ ഉദ്ഘാടനത്തോട് അനുബന്ധിച്ച് നടത്താറുള്ള ഗാനമേളയിൽ പാടാൻ ഉള്ള സെലക്ഷനിൽ മികച്ച പ്രകടനത്തോടെ
തിരഞ്ഞെടുക്കപ്പെട്ടെങ്കിലും
ആദ്യ ശ്രമത്തിൽ സഭാകമ്പം വില്ലനായി...ഗാനമേളയിൽ അമ്പേ പാളി....

പക്ഷേ നിശ്ചയദാർഢ്യവും പരിശ്രമങ്ങളും കൊണ്ട് തുടർന്നുള്ള വർഷങ്ങളിൽ പ്രസ്തുത പരിപാടിയിലെ പ്രധാന ഗായകരിൽ ഒരാളാകാൻ കഴിഞ്ഞത് അഭിമാനമായി കരുതുന്നു.

കോളജിൽ അക്കാലത്ത് ഈ ഗാനമേളകളുടെ അമരക്കാരൻ ആയിരുന്നത് സതീർത്ഥ്യനും ഇന്ന് പ്രശസ്ത ഫ്യൂഷൻ സംഗീതജ്ഞനും , പുല്ലാങ്കുഴൽ വാദകനുമായ രാജേഷ് ചേർത്തല (Flutist Rajesh Cherthala) ആയിരുന്നു.

മാതൃഭൂമി അക്കാലത്ത് നടത്തിയിരുന്ന ഇന്റർ കോളേജ് കലാമത്സരങ്ങളിൽ സംഘഗാനത്തിൽ രാജേഷ് ചേർത്തലയ്ക്ക് ഒപ്പം പങ്കെടുക്കാൻ കഴിഞ്ഞത് മറക്കാനാവാത്ത അനുഭവമായി കരുതുന്നു.

ബിരുദ പഠന കാലശേഷം ഏതൊരു തൊഴിൽ അന്വേഷകനെ പോലെ രാജേഷും തന്റെ അന്വേഷണത്തിനൊടുവിൽ ചെന്നെത്തിയത് എറണാകുളത്തെ ഒരു സ്വകാര്യ ഇൻഷുറൻസ് കമ്പനിയിലായിരുന്നു. തുടർന്നുള്ള ആറ് വർഷം വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്തു.സംഗീതവുമായി ഒരൽപ്പം ഇടവേള വന്ന നാളുകളായിരുന്നു അത്.

കുറച്ച് കൂടി സ്ഥിരതയുള്ള ഒരു തൊഴിൽ എന്ന അന്വേഷണം ചെന്നെത്തിയത് ബാങ്കിംഗ് കരിയറിലേക്ക്. അങ്ങനെ 2013 ജൂൺ അഞ്ചിന് ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ ആലപ്പുഴ ശാഖയിൽ ക്ലെറിക്കൽ കേഡറിൽ തന്റെ ബാങ്കിംഗ് ജീവിതത്തിന് തുടക്കമിട്ടു. അവിടുന്ന് ചേർത്തല ശാഖയിലും. ഇപ്പൊൾ വീണ്ടും ആലപ്പുഴ ശാഖയിൽ 2023 മുതൽ ജോലി ചെയ്യുന്നു.

മുടങ്ങിപ്പോയ സംഗീത സപര്യ തുടരുവാൻ സാധിച്ചത് ബാങ്കിലെ യൂണിയന്റെ കൾച്ചറൽ മീറ്റുകളിൽ പാടി കൊണ്ടാണ്. അതിനിടയ്ക്ക് ഒന്ന് രണ്ട് ഓണം പരിപാടികളിൽ ട്രാക്ക് പാടുകയും ചെയ്തു.

ഇടയ്ക്ക് വീടിന് അടുത്തുള്ള ചേർത്തല ശാഖയിൽ മാറ്റം കിട്ടിയപ്പോൾ സംഗീതവുമായുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ പുതു ജീവൻ ലഭിച്ചു എന്ന് വേണമെങ്കിൽ പറയാം.

കൊറോണ മഹാമാരിയുടെ കാലത്ത് വീട്ടിൽ അടച്ചു മൂടി ഇരുന്ന അവസരത്തിൽ അതൊക്കെ മറി കടന്നത് പാട്ടിലൂടെ ആയിരുന്നു. വീടിനു തൊട്ടടുത്ത് ഉള്ള ശാസ്താ ക്ഷേത്രത്തിലെ മണ്ഡല മകര വിളക്ക് ഭക്തി ഗാന മേളയിലേക്കും തുടർന്ന് ചേർത്തലയിൽ നടന്ന ഒന്ന് രണ്ട് ചാരിറ്റി പ്രോഗ്രാമുകളിലും പാടുവാൻ അവസരം ലഭിച്ചു. ഇവയിലൂടൊക്കെ ലഭിച്ച സൗഹൃദങ്ങൾ കുറെ അധികം വേദികൾ ലഭിക്കാൻ സഹായകരമായി.

ഇതിനോടകം തന്നെ ചലച്ചിത്ര / ടെലിവിഷൻ / കോമഡി - റിയാലിറ്റി ഷോ താരങ്ങളോടും ഗായകരോടും ഒപ്പം ചെറുതും വലുതുമായി നൂറിൽപ്പരം വേദികളിൽ പരിപാടികൾ അവതരിപ്പിക്കാനുള്ള അവസരമുണ്ടായി.

സംഗീതം മാത്രമാണ് രാജേഷിന്റെ passion എന്ന് കരുതിയെങ്കിൽ തെറ്റി. നല്ലൊന്നാന്തരം ക്രിക്കറ്റ് കളിക്കാരൻ കൂടിയാണ് ഈ ഗായകൻ. എറണാകുളത്ത് ജോലി നോക്കവേ, മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ സ്ഥിര പരിശീലനം നടത്തുന്ന കസ്റ്റംസ് ടീം അംഗങ്ങൾകൊപ്പം പന്തെറിയാൻ ഉള്ള ആഗ്രഹം കൊണ്ട് പരിശീലനം നടത്തിയതും, തുടർന്ന് അവരുടെ ടീമിലേക്ക്

അതിഥി താരമായി ആയി ഉൾപ്പെടുത്താൻ ശ്രമിച്ചതും ക്രിക്കറ്റ് ജീവിതത്തിലെ മറക്കാനാവാത്ത മാധുര്യമൂറുന്ന ഓർമ്മയാണ്. അതിനേക്കാൾ നേട്ടവും അഭിമാനവും തോന്നിയത് 2014 ലേ ശ്രീലങ്കൻ പര്യടനത്തിനുള്ള All Kerala 20-20 Cricket Association ടീമിൽ സെലക്ഷൻ ലഭിച്ചപ്പോഴാണ്. ബാങ്കിനെ പ്രതിനിധീകരിച്ച് ലീഗുകൾ അടക്കം നിരവധി ടൂർണമെന്റുകളിൽ പങ്കെടുത്തിട്ടുണ്ട്.

TB യിലേക്കുള്ള വരവിന് നിമിത്തം ആയത് തിരുവനന്തപുരത്ത് വച്ച് നടന്ന ഇന്ത്യൻ ഓവർസീസ് ബാങ്കിലെ ജീവനക്കാരുടെ ഒരു പരിപാടി മൂലമാണ്. നമ്മുടെ കോഴിക്കോട് TB മീറ്റിന് തൊട്ടു മുൻപ് നടന്ന ആ പ്രോഗ്രാമിന് ശേഷം സദസ്സിൽ നിന്നും വന്നു പരിചയപ്പെടുകയും, TB ലോകത്തെയും അതിലൊരു എളിയ അംഗം ആകാൻ പ്രചോദനം കൊടുത്തത് മറ്റാരും ആയിരുന്നില്ല, TB യുടെ മുൻകാല ദളവും, പ്രശസ്ത ചിത്രകാരനും IOB കുടുംബക്കാരനുമായ സന്ദീപ് ശിവദാസൻ ആയിരുന്നു അത് ( Sundeep Sivadasan) . TB യുടെ വിശാല ലോകം തനിക്കു മുന്നിൽ ചൂണ്ടിക്കാട്ടിയ സന്ദീപിനെ രാജേഷ് സ്നേഹ പൂർവ്വം സ്മരിക്കുന്നു.

പാട്ടായാലും ശരി, ക്രിക്കറ്റ് ആയാലും ശരി എന്തിനും ഏതിനും ഒപ്പം നിൽക്കുന്ന കുടുംബമാണ് തന്റെ ശക്തിയും, പ്രചോദനവും എന്ന് രാജേഷ് അഭിമാനത്തോടെ പറയുന്നു. അധ്യാപികയായ ഭാര്യ സൗമ്യ,മക്കളായ കൃഷ്ണേന്ദു, കൃഷ്ണശ്രീ, അമ്മ രാധാ രാമചന്ദ്രൻ എന്നിവരോടൊപ്പം ചേർത്തലയിലെ വാരനാട് ആണ് താമസം.

സ്വപ്രയത്നത്താൽ കൈ വന്ന ഓരോ നേട്ടത്തിലും വിനയവാനായി നിൽക്കുവാനേ രാജേഷ് രാമചന്ദ്രൻ എന്ന എളിയ കലാകാരനും കായിക താരത്തിനും കഴിയൂ. ചെറുതായാലും, വലുതായാലും കിട്ടുന്ന വേദികളിലൊക്കെ പാടുക എന്നതാണ് ആഗ്രഹം. ഓരോ വേദിയും ഓരോ പുതിയ പാഠങ്ങൾ നൽകുന്നുണ്ട്. അത് തന്നിലെ ഗായകനെ കൂടുതൽ കരുത്തനാക്കും എന്ന് രാജേഷ് പ്രതീക്ഷിക്കുന്നു. സംഗീത ലോകത്ത് ഇനിയുമേറെ ഉയരത്തിൽ എത്തുവാൻ ടാലന്റഡ് ബാങ്കേഴ്സിന്റെ ആശംസകൾ.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : നവീൻ രമണൻ (Naveen Remanan), ബാങ്ക് ഓഫ് ഇന്ത്യ, SMEUC Branch, Thiruvananthapuram

English version: Gayathry T R, State Bank of India, Manipuzha Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RBO തിരുവല്ല

-----------------------------------------------------------------------------------------------

Tharaka pennaale
Kathiradum mizhiyale
Thamburanethidum munne
Karinkarin kora parichaatte ♫

This week we present the talented singer who mesmerised the audience with the soulful rendition of the above folk song at the 5th TB meet held at Kottayam.

Rajesh Ramachandran
Indian Overseas Branch
Alappuzha Branch

Born to Sri. Ramachandran, a small business owner and Smt. Radha, homemaker, he is their youngest son.

His schooling was in Cherthala at Govt VHHS school Pattanakkad and completed +2 in Vocational Higher Secondary and later graduated in Commerce in Office Management at SN College, Cherthala.

He was led into the world of music by his father who sang well and was encouraged by his uncle and sisters. They led by example and became his first gurus when he became active in music at school.

He was an active singer at his school since 8th standard. By twelfth standard his interest turned to Hindi songs. He insists gently that it might have been the effects of Chitrahar and Rangoli broadcasted by Doordarshan. Those would play a significant role in his musical journey later on.

At school, his songs remained confined to small stages and classrooms but at college level, things changed a bit.

Although he got selected as a singer at the Ganamela organised by the College Union at his first year at college, stage fright turned out to be his bane and he couldn't perform to his full potential.

But with his persistence and hardwork , he could become the lead singer at the programme in the following years and he considers this as quite an achievement.

In those college years, the helmsman behind those programmes was the flautist Mr Rajesh Cherthala, renowned in fusion music .Rajesh considers it an honour to have been able to perform group songs with him at the Intercollege cultural competitions organised by Mathrubhumi in those days.

Post graduation, as a job seeker , he landed a job at a private insurance firm in Ernakulam. He worked at several private firms in the next six years. Those were the days when his music took a backseat.

The search for a stable job brought him to the banking sector. He began his career in banking in 2013 at the Alapuzha branch of the Indian Overseas Bank where he joined in the clerical cadre. Though he got transferred to its Cherthala branch, he is back at Alapuzha branch since 2023.

He resumed his interest in music when he began singing for the cultural meets organised by the Bank's union. He also recorded tracks for one or two Onam programmes in between.

He could also focus more on music when he got transferred to his hometown of Cherthala. He also recollects how he overcame the sense of isolation during the COVID shutdown through his love for music.

He sang at the nearby Sastha temple for the bhaktiganamela held in relation with Mandala makaravilakku and also at a few charity programmes held at Cherthala. This led to friendships that provided him with more opportunities for performance.

Rajesh has been able to perform with movie/televison/comedy-reality show stars for small programmes as well as big ones more than a hundred times by now.

Music hasn't been his only passion. He is also a good cricketer. While working at Ernakulam, his desire to bowl, led him to join cricket practice along with the Customs team members. He fondly remembers how they tried to include him as a guest player. He swells with pride when he got selected for the Sri Lankan tour of the All Kerala 20-20 cricket Association in 2014. He has represented the Bank in several tournaments including leagues.

The programme held by IOB for its employees at Trivandrum brought Rajesh to the Talented Bankers team. It was held just before the Kozhikode meet and just after the programme ,one member from the audience , none other than our own Mr Sundeep Sivadasan, talented artist who has been written about in our TB column, walked upto him and introduced himself. Rajesh fondly remembers how he got encouraged to join the TB group by him.

Rajesh insists how his family is his strength and inspiration as they support him in everything, be it music or cricket. He stays at Varanad , Cherthala along with his wife Soumya , who is a teacher, his daughters, Krishnendu and Krishnasree , and mother Radha Ramachandran.

Rajesh is modest and humble in his accomplishments in music as well as cricket. He performs at all opportunities available to him be it big or small. He believes that every opportunity is a lifelesson and molds him into a better singer. We at the talented bankers team wish him all the very best in his musical journey.